## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 102** **21.03.2013- ൽ മറുപടിക്ക്**

### വരൾച്ച നേരിടുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ഇ.പി ജയരാജൻ<br>ശ്രീ. ബി.ഡി ദേവസ്സി<br>ശ്രീ. സി.കെ സദാശിവൻ** | | **ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി)** |
| (എ) | സംസ്ഥാനത്ത് അതിരൂക്ഷമായി ക്കൊണ്ടിരിക്കുന്ന വരൾച്ച മൂലം ഉണ്ടായിട്ടുള്ള കെടുതികൾ വില യിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വരൾച്ച നേരിടുന്നതിന് ഇതി നകം സ്വീകരിച്ചിട്ടുള്ളനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാ മോ; | (ബി) | തിരുവനന്തപുരം, കൊല്ലം, വയനാട്, ഇടുക്കി ജില്ലകളെ 2012 സെപ്തംബറിൽ തന്നെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിരുന്നു. 2012 ഡിസംബർ 19 ന് കൂടിയ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മീറ്റിംഗിൽ മഴയുടെ തോത്, കുടിവെള്ള ലഭ്യത, ഭൂഗർഭ ജലത്തിന്റെ വിതാനം, അവശ്യ വസ്തുക്കളുടെ വിലക്കയറ്റം എന്നിവ വിലയിരുത്തി കേരളത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിക്കുകയും 31.12.2012- ൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വരൾച്ച നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ജില്ലകളിലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് മന്ത്രിമാരെ ചുമതല പ്പെടുത്തുകയും ചെയ്തു. ജില്ലാതല അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയുടെയും പ്രാധാന്യമനു സരിച്ചുള്ള കുടിവെള്ള വിതരണ/ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ അനുമതി നൽകി വരുന്നു. വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പുകളുടെ പദ്ധതികൾ അതാത് വകുപ്പു മുഖേന നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങളും കളക്ടർമാർ നൽകി വരുന്നു. അതോടൊപ്പം സംസ്ഥാനത്തെ ഭൂജല വിതാനവും ഡാമുകളിലെ ജലനിരപ്പും നിരീക്ഷണത്തിന് വിധേയമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഭൂജല വകുപ്പിനും വൈദ്യുതി ബോർഡിനും നൽകുകയുണ്ടായി. തുടർന്ന് ജനുവരി 4, 18 |

| | | | |
|---|---|---|---|
| | | | തീയതികളിൽ വീഡിയോ കോൺഫറൻസിലൂടെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. കൃഷി നാശത്തെ ക്കുറിച്ചുള്ള കണക്കെടുക്കാൻ കൃഷി വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വരൾച്ച സാഹചര്യം മുൻ നിർത്തി അടിയന്തിരമായി കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യാൻ ജനുവരി 23 ന് ഒരു പ്രത്യേക ക്യാബിനറ്റ് കൂടുകയുണ്ടായി. പ്രസ്തുത ക്യാബിനറ്റിൽ എല്ലാ കർഷക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചു. കുടിവെള്ള/വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി.ആർ.എഫ്-ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജല വകുപ്പ് എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കേണ്ട കുടിവെള്ള വിതരണം, താത്കാലിക തടയണ നിർമ്മാണം, കുഴൽ കിണറുകളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കും അതാത് വകുപ്പുകളിൽ നിന്നും അനുമതി നൽകാൻ തീരുമാനിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തദ്ദേശ സ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകാനും തീരുമാനിച്ചു. |
| (സി) | വരൾച്ച മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (സി) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് കുടിവെള്ള/വരൾച്ച പ്രവർത്തനങ്ങൾക്ക് 85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിനു പുറമെ ജലസേചന വകുപ്പിന് 22 കോടിയും ജല അതോറിറ്റിക്ക് 57 കോടി രൂപയും ഭൂജല വകുപ്പിന് 13 കോടിയും സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും അനുവദിക്കുകയുണ്ടായി. അതോടൊപ്പം തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ട തുക വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വരൾച്ച മൂലമുണ്ടായിട്ടുള്ള നാശ നഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | വരൾച്ച മൂലം 7888.0965 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്ത് കണക്കാക്കിയിട്ടുള്ളത്. |
| (ഇ) | രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പിന് കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ഇ) | സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും അനുവദനീയമായ അടിയന്തിര കുടിവെള്ള വിതരണ പ്രവർത്തനങ്ങളും, പൈപ്പ് ലൈനുകളുടെ അറ്റകുറ്റപണികൾ, പൊതുകുളം, കിണർ മുതലായ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമാണ് ജില്ലാ കളക്ടർമാർ മുഖേന റവന്യൂ വകുപ്പ് അനുമതി നൽകി വരുന്നത്. |
| (എഫ്) | വരൾച്ച നേരിടുന്നതിന് കേന്ദ്ര സർക്കാരിന്റെ മുമ്പിൽ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; പദ്ധതി കേന്ദ്രം പരിഗണിക്കുകയുണ്ടായോ; സഹായം എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; ആവശ്യപ്പെട്ട സഹായം എത്രയായിരുന്നു? | (എഫ്) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. 31.10.2012- ൽ 1995 കോടി രൂപയുടെ കേന്ദ്ര സഹായത്തിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. സംസ്ഥാനമാകെ വരൾച്ച ബാധിച്ചതിനെ തുടർന്ന് നാശനഷ്ങ്ങൾ വിലയിരുത്തി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 7888.0965 കോടി രൂപയുടെ അധിക സഹായത്തിനായി ഫെബ്രുവരിയിൽ വീണ്ടും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രത്യേക പാക്കേജായി സംസ്ഥാനത്തിന് 3936.81 കോടി രൂപ അനുവദിക്കണമെന്ന് പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം 17.03.2013 മുതൽ 21.03.2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ